# ജീവിതനൗക

സി. ജെ. തോമസ്



ജീവിതനൗക
സി. ജെ. തോമസ്
(മലയാളം: സിനിമ നിരൂപണം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The Parable of the Rich Fool, a painting by Rembrandt (1606–1669). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org


# ജീവിതനൗക

ഒന്നിലധികം ആളുകൾ ചേർന്ന് കപ്പക്കൃഷി നടത്താറുണ്ട്. ചിലപ്പോൾ കള്ളനോട്ടടിക്കുകയും. പക്ഷേ, ഒരു ജോയിന്റ് സ്റ്റോക്ക് കമ്പനി കഥയെഴുതുകയെന്നുള്ളത് തികച്ചും അസാധാരണമാണ്. അങ്ങനെയുണ്ടാകുന്ന കലാവസ്തു വിശ്വാമിത്രസൃഷ്ടിയായിരിക്കുന്നതും അത്ഭുതത്തിന്നവകാശമില്ല. 'നല്ലതങ്ക'യെന്ന കലാവൈകൃതത്തെ പടച്ചുവിട്ട കെ. & കെ. പ്രൊഡക്ഷൻസ് സാഹിത്യരംഗത്തിലേക്കു പ്രവേശിച്ചതിന്റെ പ്രഥമസന്താനമാണ് "ജീവിതനൗക"യുടെ കഥയെന്ന് അവർ അഭിമാനിക്കുന്നു. കഥയിലെ വൈകല്യങ്ങളെപ്പറ്റി ഇനി എടുത്തെടുത്തു പറയുന്നത് അസംഗതമാണെങ്കിലും 'ജീവിതനൗക' ഒരു കലാസൃഷ്ടിയാണെന്ന ദുഷ്പ്രചരണം ശക്തിമത്തായിരിക്കുന്നതുകൊണ്ട് ചിലതെല്ലാം ചൂണ്ടിക്കാണിക്കുന്നുവെന്നുമാത്രം. ഈ കമ്പനിയിൽ നിന്ന് കൽപാന്തകാലത്തോളം ഒരു നല്ല ചിത്രം പ്രതീക്ഷിക്കേണ്ടതില്ലെന്ന് തെളിഞ്ഞു കഴിഞ്ഞു. ഒരു നല്ല സിനിമാകഥയെപ്പറ്റി ചില അടിസ്ഥാനതത്ത്വങ്ങളെങ്കിലും മറ്റ് ഉൽപാദകർ മനസ്സിലാക്കുമെന്ന് വിശ്വസിച്ചാണ് ഇത്രയും എഴുതുന്നത്. ഏതു സിനിമാകഥയുടേയും ഗുണം സ്ഥിതി ചെയ്യുന്നത്, അതിന്റെ സ്വാഭാവികതയിലാണ്. ജീവിതനൗകയിലെ കഥയാണെങ്കിൽ പണഭ്രാന്തുകൊണ്ട് മത്തുപിടിച്ച ഒരു വിദ്യാവിഹീനന്റെ ബുദ്ധിശൂന്യമായ മസ്തിഷ്കത്തിൽമാത്രം സംഭവിക്കുന്നതാണ്. ഈ ചിത്രം



ജീവിതനൗകയുടെ ഒരു പോസ്റ്റർ.

നല്ലതെന്ന് വിശ്വസിക്കുന്നവരോട് വിനയപൂർവ്വം ഒന്നുരണ്ടു ചോദ്യങ്ങൾ ചോദിച്ചുകൊള്ളട്ടെ. ഈ ചിത്രത്തിലെ ജന്മിയെ ഏതുരാജ്യത്തുനിന്ന് ഇറക്കുമതിചെയ്തതാണ്? പത്തുപന്ത്രണ്ടു വർഷക്കാലത്തിനിടയിൽ അറുപതുവയസ്സായി പല്ലുംകൊഴിഞ്ഞ് ഒരു സത്വത്തിന് രൂപഭേദം ഭവിക്കുന്നില്ലെന്നതു പോകട്ടെ. അത് ചലച്ചിത്രോല്പാദനത്തിന്റെ ബാലപാഠമെങ്കിലും അറിവില്ലാത്തവരിൽനിന്ന് പ്രതീക്ഷിക്കേണ്ടതല്ല. പക്ഷേ, അയാളേതു ജാതിയാണ്? കേരളത്തിലുള്ള എന്തിനോടെങ്കിലും അയാൾക്ക് വിദൂരമായ സാദൃശ്യമെങ്കിലുമുണ്ടോ? അയാൾ ജീവിച്ച കാലമേത്? സൂരിനമ്പൂതിരിപ്പാടിനെപ്പോലെ സംബന്ധത്തിനിറങ്ങിത്തിരിക്കുന്ന ഒരു ജന്മിയാണെന്ന് സങ്കല്പിക്കാം. ഒരു അമ്പതുകൊല്ലംമുമ്പ് അയാൾ ജീവിച്ചിരുന്നുവെന്നും സമ്മതിച്ചുകൊടുക്കുക. എന്നാൽതന്നെ ജുബ്ബായുമിട്ടു തലമുടി പറ്റെ വെട്ടിയ ഒരു മാനേജരേയും ആ മാനേജർക്ക് ഒരു ഫിലിം സ്റ്റുഡിയോപോലത്തെ ഓഫീസും എങ്ങനെ ഉണ്ടാകാനാണ്? ഇതൊന്നും പോരെങ്കിൽ അയാളുടെ ഭാര്യ ധരിച്ചിരിക്കുന്ന വസ്ത്രം സാരിയും! പോരെങ്കിൽ മാനേജർക്കു ബുഷ്ഷർട്ടും വേണ്ടതിലധികമുണ്ട്. ഇടയ്ക്കൊന്നു പറയട്ടെ. ശ്രീ. സെബാസ്റ്റ്യന്റെ കലാപരിശ്രമങ്ങളിൽ സ്തുത്യർഹമായ ഒരു വിജയമാണ് ആ മാനേജരുടെ ചിത്രീകരണം. ഓവറാക്ട് ചെയ്യാതിരിക്കുക എന്ന ഒരൊറ്റതത്ത്വം മൂലമാണ് അദ്ദേഹത്തിന് വിജയം സിദ്ധിച്ചതും. പക്ഷേ, കഥയുടെ വൈകല്യം അദ്ദേഹത്തിന്റെ ജോലി അതിദുഷ്കരമാക്കിത്തീർത്തു. ഒരു പുഴുവിനെപ്പോലത്തെ ഭർത്താവുപോലും ഭാര്യയെ ചുട്ടുകരിക്കുന്ന സന്ദർഭങ്ങൾ ഡസൻകണക്കിന് കൊണ്ടുവന്നുകഴിഞ്ഞിട്ടും ആ മനുഷ്യനെ അനങ്ങാൻ സമ്മതിക്കാത്ത കഥയിൽ ഒരു നടൻ എന്തുചെയ്യും? അതിനെന്താണ് കുറ്റമെന്ന് ചോദിക്കുന്നവർ ഉണ്ടായേക്കാം. വിഷമം ഇത്രയേയുള്ളൂ. ജന്മി ഒരു സിംബലാണെങ്കിൽ മാനേജർ ഒരു കാരിക്കേച്ചറുമാണ്. ഇതു രണ്ടും ഒരു സിനിമക്കഥയ്ക്ക് ചേർന്നതല്ല. കാരണം ഒരൗൺസ് തലച്ചോറെങ്കിലുമുള്ള കാഴ്ചക്കാരൻ അവരുടെ അസ്തിത്വത്തിന്റെ യാഥാർത്ഥ്യത്തിൽ വിശ്വസിക്കാൻ വയ്യ എന്നതുതന്നെ. ഇക്കാര്യത്തിൽ ചിത്രത്തിന്റെ ഉൽപാദകൻ എന്നോട് തികച്ചും യോജിക്കുമെന്ന് എനിക്കറിയാം. പിന്നെ എന്തിനാണ് അദ്ദേഹം ഇങ്ങനെ പടച്ചുവിട്ടതെന്നല്ലേ? കാരണമുണ്ട്. ബഹുജനങ്ങളുടെ ബുദ്ധിയിൽ അദ്ദേഹത്തിന് വിശ്വാസമില്ല. (ജീവിതനൗകയെപ്പറ്റി പൊതുവേയുള്ള അഭിപ്രായം കേട്ടതിനുശേഷം ഇക്കാര്യത്തിൽ ഞാനും അദ്ദേഹത്തോടു യോജിക്കുന്നുണ്ട്.) ഇങ്ങനെ അർദ്ധമനുഷ്യരും അർദ്ധമൃഗങ്ങളുമായ ടിക്കറ്റുകാർക്കുവേണ്ടി നിർമ്മിക്കുന്ന ഒരു കലാസൃഷ്ടിയും എല്ലാകാര്യങ്ങളും അതിമാത്രയിലും അതിശയോക്തിയിലും കൊടുത്താൽ മാത്രമേ ഫലിക്കൂ എന്ന കച്ചവടബുദ്ധിയാണ് അദ്ദേഹത്തെക്കൊണ്ടിതു ചെയ്യിച്ചത്. അതുകൊണ്ടുതന്നെയാണ് ഒരു ചരിത്രകാലഘട്ടം മുഴുവനും സോമൻ ഉദ്യോഗമില്ലാതെ നടത്തിച്ചതും അത്രയും കാലം മുഴുവനും സോമന്റെ ഭാര്യയെ ഒരിക്കലും വിശ്വസിക്കാൻ നിവൃത്തിയില്ലാത്ത രീതിയിൽ പീഡിപ്പിച്ചതും. കള്ളക്കേസുണ്ടാക്കാൻ ഇത്ര എളുപ്പമാണെങ്കിൽ ഫിലിം നിർമ്മാണത്തെക്കാൾ എത്രയോ ആദായകരമായ ഏർപ്പാടാണതെന്നു തോന്നിപ്പോകുന്നു.



നല്ലതങ്കയുടെ പോസ്റ്റർ.

സോമനു ജോലി കിട്ടിയ സമ്പ്രദായമോർക്കുമ്പോൾ ഈ രാജ്യത്തെ ഇനി ആയിരക്കണക്കിന് കാറപകടമുണ്ടായേക്കുമെന്ന് പേടി തോന്നുന്നു. കാറു മുട്ടിയാൽ സ്വയമേവ ചിത്രകല വശമാകുമെന്നും കെ. & കെ. പ്രൊഡക്ഷന്റെ കണ്ടുപിടുത്തമാണ്. പക്ഷേ, സോമനോളം ഭാര്യയെ കണ്ണടച്ചുസ്നേഹിക്കുന്ന ഒരുവൻ വളരെ സുഖമായി ജീവിക്കുമ്പോൾ ഭാര്യയെ ഒന്നുകാണാൻ പരിശ്രമിക്കാത്തത് അതിലും വലിയ 'മനഃശാസ്ത്രം' ആണ്. ഫിലിം ഡയറക്ടറുടെ പ്രത്യേക ആവശ്യവും ഉത്തരവുമനുസരിച്ചില്ലെങ്കിൽ സോമൻ നിശ്ചയമായും ഭാര്യയെ കൂട്ടിക്കൊണ്ടു വരുമായിരുന്നു. വീട്ടുകത്തിക്കുവാനും സത്രത്തിൽ പോയി കിടക്കാനും തീവണ്ടിയുടെ പുറകെ ഓടാനും സൗകര്യം കിട്ടുകയില്ലല്ലോ. എത്രയൊക്കെയായാലും സോമന്റെ മണിയാർഡർ ഫാറം യാതൊരു പോസ്റ്റോഫീസിലും സ്വീകരിക്കുകയില്ലെന്ന് മനസ്സിലാകാത്തത് കഷ്ടമാണ്. ഒരു മണിയാർഡർ ഫാറമെങ്കിലും എഴുതാൻ അറിയാവുന്നവരെ ഇനി ഫിലിം നിർമ്മിക്കാവൂ എന്നൊരു നിയമമുണ്ടായിരുന്നെങ്കിൽ കൊള്ളാമായിരുന്നു.


ചലച്ചിത്രത്തിൽ നിസ്സഹായരായി തെരുവിലേയ്ക്കിറങ്ങുന്ന നായികമാർ എല്ലാവരും സർക്കസുകമ്പനിയിലോ നാടകത്തിലോ ചേർന്നു കൊള്ളണമെന്ന് ഒരു നിയമമുണ്ട്. പക്ഷേ, അതിനുമുമ്പ് കുറേ യാചകരുടെ കൺട്രാക്ട് എടുത്തുകൊണ്ട് സ്വന്തം വയർ രക്ഷിച്ചുകൊള്ളണമെന്നത് ജീവിതനൗകയുടെ പ്രത്യേകസംഭാവനയാണ്. സ്ഥലത്തെ പ്രധാനപ്പെട്ട ആറു റൗഡികളെ ആ പാവപ്പെട്ട കണിയാട്ടി പുരപ്പുറത്തുകയറി ദ്വന്ദയുദ്ധം നടത്തി അടിച്ചോടിക്കാനിടവന്നത് ഫിലിം സ്റ്റണ്ടു പടമാക്കാൻ ഇടയ്ക്കാലോചനയുണ്ടായതുകൊണ്ടായിരിക്കാം. എസ്. പി. പിള്ളയുടെ വെള്ളത്തിൽചാട്ടവും കള്ളൻപാർട്ടും ഈ അഭ്യൂഹത്തെ ബലപ്പെടുത്തുന്നുണ്ട്. എൻ. പി. ചെല്ലപ്പൻനായരുടെ ഭാഗമഭിനയിച്ച മുതുകും വേണ്ടത്ര വികൃതമായിട്ടുണ്ട്. ഈ ബാധ ഇനിയും സിനിമക്കഥകളിൽനിന്ന് ഒഴിയുന്നില്ലല്ലോ എന്നൊരു ഖേദമേയുള്ളൂ. ഉണക്കച്ചെമ്മീൻപോലെ ഇരിക്കുന്ന ആ വസ്തു എസ്. പി. പിള്ളയെപ്പോലെയുള്ള ഒരു തടിയനെ ചുമ്മാ അങ്ങു കൊന്നത് ഈ കഥയുടെ 'സ്വാഭാവികത'യ്ക്ക് ചേർന്നതാണ്. സ്വപ്നത്തിലെങ്കിലും ഒരു ദേവന്റെ 'പ്രത്യക്ഷം' ഉണ്ടായത് നന്നായി. വർഗ്ഗീയപ്രാതിനിധ്യം നിറവേറിയല്ലോ (പാകിസ്ഥാൻ പിരിഞ്ഞുപോയതുകൊണ്ട് ഇസ്ലാമിന്റെ എന്തെങ്കിലും കാണിക്കണമെന്നില്ലല്ലോ?).



ജീവിതനൗകയുടെ മറ്റൊരു പോസ്റ്റർ.

ഇത്രയധികം അസ്വാഭാവികവും അസംഭവ്യവും വികൃതവുമായ ഒരു കഥയ്ക്ക് എന്തുകൊണ്ടാണ് പ്രചരണം സിദ്ധിക്കുന്നതെന്ന പ്രശ്നം അവശേഷിക്കുന്നുണ്ട്. പറയാം. നല്ലതങ്കയിലെപ്പോലെ ഒരു യഥാർത്ഥപ്രശ്നം കഥയുടെ അടിയൊഴുക്കായി കിടക്കുന്നുണ്ടെന്നുള്ളതാണത്. ഒരു ചിത്രത്തിൽ അമ്മായിയമ്മപ്പോരുകൊണ്ട് പ്രചാരമുണ്ടാക്കിയെങ്കിൽ രണ്ടാമത്തേതിൽ, നാത്തൂൻപോരിന്റെ ഒരു വകഭേദംകൊണ്ടാണ് മുതലെടുക്കുന്നത്. ഭിന്നനിലകളിലുള്ള കാമുകർ തമ്മിലുള്ള പ്രേമവും ഒരു ആകർഷണോപാധിയാണ്. ഇതുകൊണ്ട് തെളിയുന്നത് ഈ ചിത്രം നല്ലതാണെന്നല്ല, പ്രത്യുത ജീവനുള്ള മനുഷ്യരുടെ യഥാർത്ഥ പ്രശ്നങ്ങൾ സ്വാഭാവികമായി ചിത്രീകരിക്കുന്ന സിനിമകൾക്ക് പ്രചാരം ലഭിക്കുമെന്നതാണ്. അത് വികൃതമാക്കാതെ ചെയ്താൽ കൂടുതൽ പണംകിട്ടുമെന്നുള്ളത് ഒരു മൗഢ്യവുമാണ്.

നിരർത്ഥകങ്ങളായ അന്തർനാടകങ്ങളെപ്പറ്റിയും ഫലിതത്തിന്റെ പേരിൽ കാട്ടിക്കൂട്ടിയിരിക്കുന്ന ഗോഷ്ടികളെപ്പറ്റിയും ഇവിടെ ഒന്നുംപറഞ്ഞിട്ടില്ല. ചങ്ങമ്പുഴയുടെ വാഴക്കുല മോഷ്ടിക്കാതിരിക്കുകയായിരുന്നു നല്ലത്. മഗ്ദലനമറിയത്തിനെ മുഗ്ധയായിക്കാണുന്ന വള്ളത്തോളിന്റെ വരികൾ ജീവിതനൗകയ്ക്കു ചേർന്നതാണ്. എങ്കിലും, ഒരു കല്ലാശാരിയുടെ പ്രതീതികൊടുത്ത് ക്രിസ്തുവിനെ അപമാനിക്കാതിരിക്കാമായിരുന്നു. യോഹന്നാന്റെ വേഷവും കെട്ടി പനിപിടിച്ച ഒരു സ്ത്രീയെ രംഗത്തയക്കുന്നതും കലാപരമായ ഒരു വിജയമല്ല. വിരുത്തം പാടാനുള്ള അവസരത്തിനുവേണ്ടിയാണോ, ചുടലക്കളത്തിനോടുള്ള പ്രേമം കൊണ്ടാണോ, ഹരിശ്ചന്ദ്രചരിത്രം വലിച്ചുകൊണ്ടുവന്നതെന്ന് തീർച്ചയില്ല. ഏതായാലും അന്തർനാടകങ്ങളെല്ലാം കൂടിവരുമ്പോൾ കഥ ചേർത്തലക്കാരന്റെ കാലു പോലെയായിത്തീരുന്നുണ്ട്. മാത്തപ്പനും എസ്. പി. പിള്ളയും മുഖം ഇന്ത്യാറബർപോലെ ചുളുക്കിക്കൂട്ടിയാൽ ഫലിതമാകുമെന്നാണിപ്പോഴും ധരിച്ചിരിക്കുന്നത്.


വള്ളത്തോൾ

ചലച്ചിത്രനിർമ്മാണത്തിന്റെ സാങ്കേതികവശങ്ങൾ യാതൊന്നും തന്നെ നിശ്ചയമില്ലാത്തവർക്കു മനസ്സിലാക്കാൻ സാധിക്കും. ചട്ടുകം പഴുപ്പിച്ച് കരണത്തുവെച്ചാൽ അരനിമിഷത്തിനകം വേദന മാറുകയില്ലെന്ന്; ഓടിപ്പോകുന്നതിനിടയിൽ സാരി മാറാൻ കഴിയുകയില്ലെന്നും. സ്നാപകയോഹന്നാന് കൊഞ്ഞവന്നത് റെക്കാർഡിംഗ് യന്ത്രത്തിന്റെ കുറവുമല്ല, നായികയുടെ ജലദോഷം കൊണ്ടുമല്ല. അനുകരണവും ഹാസ്യാനുകരണവും രണ്ടാണ്; രണ്ടും വിരുദ്ധവുമാണ്. ഇതിലെ പാട്ടുകൾ ചില ഹിന്ദിപ്പാട്ടുകളോട് ഉള്ള വിരോധം തീർക്കാനുണ്ടാക്കിയവയാണെന്ന് തോന്നുന്നു. തിക്കുറിശ്ശിയുടെ കവിതാപാരായണവും പ്രത്യേകമായ പ്രശംസയെ അർഹിക്കുന്നുണ്ട്. മുൾച്ചെടികൾക്കിടയിൽ കൂടിയുള്ള കിളിത്തട്ടുകളി കാമുകീകാമുകന്മാർക്ക് അവശ്യം വേണ്ടതായ ഒരു രോഗമാണ്. പക്ഷേ, ഒരു കണിയാട്ടി അതു ചെയ്യുന്നതുമാത്രമേ അഭിപ്രായഭിന്നതയ്ക്കവകാശമുള്ളൂ. ആ കിളിത്തട്ടുകളിയുടെ ഇടയ്ക്കായിരിക്കണം നായികാനായകന്മാർ വർക്കലത്തുരപ്പിൽനിന്ന് വീണുവെന്ന് പത്രങ്ങളിൽ പരസ്യംകണ്ടത്. കെ. & കെ. പ്രൊഡക്ഷൻസിന് പണ്ടുതന്നെയുള്ള ഒരു നിർബ്ബന്ധമാണ് കഥാവസാനത്തിന് പോയിറ്റിക് ജസ്റ്റിസ് വേണമെന്ന്. അതനുസരിച്ചാണ് അരിവയ്പുകാരി കൊച്ചമ്മയുടെ ചെകിട്ടത്ത് ചട്ടുകം പഴുപ്പിച്ചുവെയ്ക്കുന്നത്. പക്ഷേ, കൊച്ചമ്മയെ വാണത്തിൽ കയറ്റേണ്ട സന്ദർഭം വന്നപ്പോൾ അവിടെ ഒരു മാനസാന്തരം വരുത്തിക്കൂട്ടി. അല്ലെങ്കിൽ ചിത്രത്തിന് നല്ലതങ്കയുമായുള്ള സാമ്യം ആരെങ്കിലും അറിഞ്ഞുപോയെങ്കിലോ? ഒരുകാലത്തും നന്നാവുകയില്ലാത്ത ഇത്തരം വില്ലന്മാരും വില്ലിനികളും യഥാർത്ഥജീവിതത്തിൽ ഇല്ലെങ്കിൽ തന്നെയെന്താ? സിനിമായിലുണ്ടായാൽ മതിയല്ലോ. ഒരുകാര്യം എടുത്തുപറയേണ്ടതായിട്ടുണ്ട്. ഈ ചിത്രത്തിൽ ഒറ്റയടിപോലും ഒറിജിനലായിട്ടില്ലാത്തതുകൊണ്ട് ഇതിൽ പറയുന്ന കുറവുകൾ യഥാർത്ഥത്തിൽ ഈ ചിത്രത്തിന്റെ കുറവുകളല്ല. ഹിന്ദിയിലെയും തമിഴിലെയും പത്താംതരം ചിത്രങ്ങളുടെ കുറവുകളാണ്. ഇപ്പോൾത്തന്നെ ഈ ചിത്രം ഒരു സാമ്പത്തിക വിജയമായിക്കഴിഞ്ഞിരിക്കുന്നതുകൊണ്ട് ജീവിതനൗകയുടെ ഭക്തന്മാർ ഈ വിമർശനത്തെ പൊറുക്കുമെന്ന് വിശ്വസിക്കുന്നു. എന്നുതന്നെയല്ല, മേലാൽ ഇത്തരം വൈകൃതങ്ങളെക്കൊണ്ട് മനുഷ്യരെ ദ്രോഹിക്കാതിരിക്കാൻ മാത്രം സാമ്പത്തിക വിജയം ഈ ചിത്രത്തെ അനുഗ്രഹിക്കണേ എന്ന് ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചുകൊള്ളുന്നു.

ഡെമോക്രാറ്റ്, 7 ഏപ്രിൽ 1951.

□

## സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെട്ടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBRARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014